# പുസ്തകം

## മുഹമ്മദ്

### കാരൻ ആംസ്ട്രോംഗ്

കത്തോലിക്കാ സന്യാസി സമൂഹത്തിലെ അംഗമായിരുന്ന അമേരിക്കൻ എഴുത്തുകാരി കാരൻ ആംസ്ട്രോങ്ങിന്റെ Muhammad: A Biography of the Prophet എന്ന കൃതിയുടെ പരിഭാഷയാണ് മുഹമ്മദ്. പ്രവാചക ജീവിതത്തെ തന്റേതായ ശൈലിയിൽ അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം പത്തുവർഷംകൊണ്ടാണ് ഗ്രന്ഥകാരി പൂർത്തിയാക്കിയിട്ടുള്ളത്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും മുഖ്യശത്രുവിന്റെ സ്ഥാനത്ത് നിർത്തി ചിന്തിക്കുന്ന പാശ്ചാത്യ-ജൂത-ക്രൈസ്തവ സമൂഹത്തിന്റെ പ്രാതിനിധ്യമുള്ള ഒരു വ്യക്തി അന്ത്യപ്രവാചകനെ മുൻവിധികളോ പാശ്ചാത്യ പ്രോപഗണ്ടയുടെ സ്വാധീനമോ ഇല്ലാതെ സ്വതന്ത്രമായി നോക്കിക്കാണുന്നു എന്നതാണ് കൃതിയുടെ പ്രസക്തി. ചരിത്രപരമായി മുഹമ്മദ് നബിയുടെ ജീവിതവും ദർശനവും പഠനവിധേയമാക്കിയ കാരൻ ആംസ്ട്രോങ്ങ് രചനക്ക് അവലംബിച്ച ചരിത്ര പുസ്തകങ്ങളിൽ പലതും പ്രാമാണികമല്ലാത്തതും ഓറിയന്റലിസ്റ്റ് നിർമിതവുമാണ്. അതുകൊണ്ട് ഉണ്ടാകുന്ന സ്ഖലിതങ്ങളും ഇസ്രാഈലീ ഐതിഹ്യങ്ങളും പുസ്തകത്തിൽ കടന്നുകൂടിയിട്ടുണ്ട്. വായനക്കാർക്ക് ഈ ധാരണ ഉണ്ടാകേണ്ടതാണ്. എന്നാൽ ക്രൈസ്തവ പുരോഹിത പാരമ്പര്യത്തിൽനിന്ന് വന്ന ഒരു എഴുത്തുകാരിയുടെ സ്വതന്ത്രകാഴ്ച എന്ന നിലയിൽ പുസ്ത്കം പ്രസക്തമാണ്.

**വിവർത്തനം: എ.പി കുഞ്ഞാമു**
**പേജ് 445 വില 200 രൂപ**
**യുവത ബുക്സ്, ആർ.എം.എസ് റോഡ് കോഴിക്കോട്**

## വേദനയുടെ വഴിക്കുറിപ്പുകൾ

എഴുത്തുകാരന്റെ വേദനകളാണ് പലപ്പോഴും സർഗസൃഷ്ടിയായി രൂപാന്തരപ്പെടുന്നത്. ജീവിതത്തിന്റെ കനൽ നിലങ്ങളിൽനിന്നും പെറുക്കിയെടുത്ത വാക്കുകൾ മാന്ത്രിക ഭാഷയിലൂടെ വായനക്കാരനിലേക്കെത്തുകയും അത് അയാളുടെ ഭാവനയെ പിടിച്ചടക്കുകയും ചെയ്യുമ്പോഴാണ് ഉത്തമ സൃഷ്ടി ജനിക്കുന്നത്.

ഫൈസൽ കണ്ണത്തുംപാറയുടെ *മരണത്തിന്റെ നിഴലിൽ* എന്ന ചെറുപുസ്തകം ശ്രദ്ധേയമാകുന്നത് ഇതുകൊണ്ടാണ്. ജീവിതത്തിലേക്ക് കാലെടുത്തുവെക്കും മുമ്പേ തളർന്നുപോയ ശരീരവുമായി നാലു ചുമരുകൾക്കിടയിൽ സ്വന്തം കണ്ണീരുപോലും തുടക്കാനാവാതെ വേദന കടിച്ചമർത്തിയ ഒരു ഹതഭാഗ്യന്റെ ജീവിത രേഖയാണ് ഈ ചെറു പുസ്തകം.

മരണ മുഖത്തുനിന്നും ജീവിതത്തിലേക്ക് നോക്കി ചൊല്ലിപ്പറയുന്നതുപോലെ, ചലനംപോയ വിരലുകൾക്കിടയിൽ പേന തിരുകിയുള്ളൊരു കുറിമാനം. ഒറ്റയിരുപ്പിൽ വായിച്ചു തീർക്കാവുന്ന ഒരു കൊച്ചു പുസ്തകം. ഉള്ളുലക്കുന്ന അനുഭവങ്ങളുടെ ചെറുവിവരണം. എഴുത്തുകാരന് ലഭിച്ചേക്കാവുന്ന സഹതാപമോ അല്ലെങ്കിൽ എഴുതുന്നതിലൂടെ ലഭിക്കുന്ന ആത്മസംതൃപ്തിയോ, അല്ല ഈ പുസ്തകത്തിലൂടെ കാണാൻ സാധിക്കുന്നത്. മറിച്ച് ഇനിയും തളർന്നിട്ടില്ലാത്ത മറ്റു ജീവിതങ്ങൾക്കൊരു പാഠമോ താക്കീതോ ആയിട്ടാണ്. യൗവനം തിളച്ചു നിൽക്കുന്ന പതിനെട്ടാമത്തെ വയസ്സിൽ ഒരു ചെറിയ വീഴ്ച, ജീവിതത്തിനും മരണത്തിനുമിടക്കുള്ള നൂൽപ്പാലത്തിലേക്കാണ് ആ വീഴ്ച അയാളെ

എടുത്ത് കിടത്തിയത്.

ആറ് അധ്യായങ്ങളിലായി ഫൈസൽ 12 വർഷത്തെ തന്റെ ജീവിതം വരഞ്ഞിടുമ്പോൾ നിറകണ്ണുകളോടെയല്ലാതെ ഈ കൊച്ചുപുസ്തകം മടക്കിവെക്കാൻ വായനക്കാരനാവില്ല.

'പുഞ്ചിരിയോടെ നടന്നുപോയ ആൾ, കഴുത്ത് വരെ തുണി മൂടി മലർന്ന് കിടന്നുകൊണ്ട് വീട്ടിലേക്ക് തിരിച്ചു വന്നാൽ എങ്ങനെയുണ്ടാവും?' ഫൈസലിന്റെ ഇളംചിരിയോടെ, വേദനയുടെ കണ്ണീരൊളിപ്പിച്ചു കൊണ്ടുള്ള ചോദ്യം. താക്കീതു പോലെയാണ് പുസ്തകം അവസാനിക്കുന്നത്, 'എപ്പോഴും എവിടെ വെച്ചും എന്തും സംഭവിക്കാവുന്ന ജീവിതം!' വായിച്ചു കഴിയുമ്പോൾ പുസ്തകത്തിലെ അവസാന വരികൾക്ക് കവിഞ്ഞ ഗൗരവം!

പ്രശസ്ത കഥാകൃത്ത് പി.കെ പാറക്കടവിന്റെ അവതാരിക.

**മരണത്തിന്റെ നിഴലിൽ**
**(വേനദക്കൊരു ആമുഖം)**
**വോയ്സ് ബുക്സ് മഞ്ചേരി,**
**വില: 40 രൂപ**

## ഭയപ്പെടേണ്ട, ദൈവം കൂടെയുണ്ട്

**മുജീബുർറഹ്മാൻ കിനാലൂർ**

പ്രയാസങ്ങളെയും പ്രതിസന്ധികളെയും സന്തോഷത്തോടെ നേരിടാനും പോസിറ്റീവ് മനോഭാവം വളർത്തി അസ്വാസ്ഥ്യങ്ങളുടെ വേരുകൾ പിഴുതെറിയാനും സഹായിക്കുന്ന ലേഖനങ്ങളുടെ സമാഹാരമാണ്, മുജീബുർറഹ്മാൻ കിനാലൂരിന്റെ 'ഭയപ്പെടേണ്ട ദൈവം കൂടെയുണ്ട്' എന്ന കൃതി. മനഃശാന്തിയുടെ ആകാശം തേടി, പ്രതീക്ഷയിൽ അഭയം, അവശതകൾക്കിടയിലും മനഃശാന്തി, വേറിട്ട തെരഞ്ഞെടുപ്പ്, അവസാനത്തെ ഇല, മനക്കരുത്തും മനഃസമാധാനവും, അടഞ്ഞ മനസും തുറന്ന മനസും, സ്വാസ്ഥ്യവും സാമൂഹികബന്ധങ്ങളും, ആത്മജ്ഞാനവും ആത്മശാന്തിയും, ജീവിതം പണം കൊടുത്ത് നേടാനാവുമോ? സ്നേഹത്തിന്റെ ബലി, സമാധാനം നൽകുന്ന സൗന്ദര്യ വീക്ഷണം തുടങ്ങി പതിനഞ്ച് ലേഖനങ്ങൾ. ലളിതമായ ഭാഷയും ആവിഷ്കാരവും

**പേജ് 65, വില 32 രൂപ**
**യുവത ബുക് ഹൗസ്, ആർ.എം റോഡ്, കോഴിക്കോട് - 2**